"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - ഫാം ഇൻഫർമേഷൻ ബ്യൂറോ-ഞാറ്റുവേല റേഡിയോ വിഭാഗത്തിൽ കരാർ അടിസ്ഥാനത്തിൽ പ്രോഗ്രാം അസിസ്റ്റന്റുമാരായി നിയമിച്ചിട്ടുള്ളവരുടെ കരാർ കാലവധി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

---

**കൃഷി(ഇബി) വകുപ്പ്**

സ.ഉ.(സാധാ) നം.94/2024/AGRI    തീയതി,തിരുവനന്തപുരം, 29-01-2024

---

പരാമർശം:-

1. ഫാം ഇൻഫർമേഷൻ ബ്യൂറോ പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസറുടെ 29.12.2016 ലെ സി.2293/2013 നമ്പർ ഉത്തരവ്
2. 22.01.2019 ലെ സ.ഉ.(സാധാ) നം.75/2019/കൃഷി നമ്പർ ഉത്തരവ്
3. 09.07.2019 ലെ സ.ഉ.(സാധാ) നം.81/2019/ധന നമ്പർ ഉത്തരവ്
4. 18.01.2020 ലെ സ.ഉ(സാധാ) നം.60/2020/കൃഷി നമ്പർ ഉത്തരവ്
5. 11.01.2021 ലെ സ.ഉ.(സാധാ) നം.36/2021/കൃഷി നമ്പർ ഉത്തരവ്
6. 11.02.2021 ലെ സ.ഉ.(പി) നം.29/2021/ധന നമ്പർ ഉത്തരവ്
7. 20.01.2022 ലെ സ.ഉ.(സാധാ) നം.46/2022/കൃഷി നമ്പർ ഉത്തരവ്
8. 06.01.2023 ലെ സ.ഉ.(സാധാ) നം.9/2023/കൃഷി നമ്പർ ഉത്തരവ്
9. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ 16.11.2023 ലെ ADFW/12466/2023-TV1 നമ്പർ കത്ത്.
10. ഫാം ഇൻഫർമേഷൻ ബ്യൂറോ പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസറുടെ 10.01.2024 ലെ ADFW/FIB/TVM/59/2022J നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കുട്ടനാട് പാക്കേജിന്റെ ഭാഗമായി ആകാശവാണിയിൽ പ്രക്ഷേപണം ചെയ്തു വരുന്ന 'ഞാറ്റുവേല' റേഡിയോ വിഭാഗത്തിൽ കരാർ അടിസ്ഥാനത്തിൽ പ്രോഗ്രാം അസിസ്റ്റന്റുമാരായി പരാമർശം (1) പ്രകാരം ഫാം ഇൻഫർമേഷൻ ബ്യൂറോയിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടിട്ടുള്ളതും പരാമർശം (2),(4),(5).(7),(8) പ്രകാരം കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുള്ളതുമായ ശ്രീ സഞ്ജയ് ലാൽ ജി.ആർ., ശ്രീ. അനിൽ കുമാർ എൻ.ആർ, ശ്രീമതി.സുജിതാകുമാരി എസ് എന്നീ ജീവനക്കാരുടെ കരാർ കാലാവധി

05.01.2024 ന് അവസാനിക്കുന്നതിനാൽ ഇവരുടെ കരാർ കാലാവധി ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശം (9) പ്രകാരം കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

(2) സർക്കാർ ഈ വിഷയം പരിശോധിച്ചു. 'ഞാറ്റുവേല' റേഡിയോ പരിപാടിയുമായി ബന്ധപ്പെട്ട ജോലികൾ നിർവ്വഹിക്കുന്നതിന് കരാർ അടിസ്ഥാനത്തിൽ പ്രോഗ്രാം അസിസ്റ്റന്റുമാരായി നിയമിക്കപ്പെട്ടിട്ടുള്ള ശ്രീ. സഞ്ജയ് ലാൽ ജി.ആർ., ശ്രീമതി സുജിതാകുമാരി എസ്. എന്നിവരുടെ നിലവിലെ കരാർ കാലാവധി 05.01.2024-ന് അവസാനിക്കുന്ന സാഹചര്യത്തിൽ, ഒരു ദിവസത്തെ ഇടവേള നൽകി, മുൻകാല സേവന കാലയളവിനു യാതൊരു അവകാശവും ഉന്നയിക്കുന്നതല്ല എന്ന നിബന്ധനയ്ക്കും, പരാമർശം (3) ഉത്തരവിലെ വ്യവസ്ഥകൾക്കും, പരാമർശം (6) ഉത്തരവിന്റെ അനുബന്ധത്തിലെ കാറ്റഗറി V ന് ബാധകമായ വേതന വ്യവസ്ഥകൾക്കും വിധേയമായി 08.01.2024 മുതൽ ഒരു വർഷത്തേയ്ക്കു കൂടി ഇവരുടെ കരാർ നിയമനം ദീർഘിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(3) ഫാം ഇൻഫർമേഷൻ ബ്യൂറോ പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ ഇത് സംബന്ധിച്ച തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷീന പോൾ
അണ്ടർ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ തിരുവനന്തപുരം

ബന്ധപ്പെട്ട ജീവനക്കാർ (പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ മുഖേന)

അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം

വിവര-പൊതുജന സമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് കോപ്പി(ഇബി2/188/2023-കൃഷി)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ